# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 947

30/06/2015-ലെ
മറുപടിയ്ക്ക്

### പട്ടികജാതി പിന്നോക്ക സമുദായങ്ങളുടെ ഉന്നമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.ജോർജ്. | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(എ) ടോയ്ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി, 2.5 കി.മീ. ചുറ്റളവിൽ മറ്റ് ആരോഗ്യ സംവിധാന കേന്ദ്രങ്ങൾ നിലവിലില്ലാത്ത 29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി, സ്വയം സഹായ സംഘങ്ങൾക്കും വനിത സ്വയം സഹായ സംഘങ്ങൾക്കും പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി, കോർപ്പസ് ഫണ്ട് വിഹിതം ജില്ലകൾക്ക് നേരിട്ട് അനുവദിക്കുന്ന പദ്ധതി, വിജ്ഞാൻ വാടികൾ സ്ഥാപിക്കുക, ശ്മശാനങ്ങൾ നവീകരിക്കുക, സംസ്ഥാന സ്കൂൾ കലോത്സവത്തിൽ "എ" ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി 10,000/- രൂപ അനുവദിക്കുന്ന പദ്ധതി, എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും കുറഞ്ഞത് ബി+ ഗ്രേഡ് എങ്കിലും ഉള്ളവരും മെഡിക്കൽ/എഞ്ചിനീയറിംഗ് മേഖലയിൽ തൽപരരുമായ പട്ടികജാതി വിദ്യാർത്ഥികളെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്ന "വിഷൻ 2013" എന്ന പദ്ധതി, സ്വയം പര്യാപ്ത ഗ്രാമം, പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്, ലാപ്ടോപ് വിതരണം(ബി-ടെക്, എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക്), സ്റ്റെതസ്കോപ്പ് വിതരണം(എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക്), 9,10ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി,(100%സി.എസ്.എസ്.) വൃത്തിഹീന തൊഴിൽ ചെയ്യുന്നവരുടെ മക്കൾക്കുള്ള ധനസഹായം ഡി.ബി.റ്റി.എസ്. വഴി അനുവദിക്കുന്ന പദ്ധതി.

പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും ഇവയ്ക്കായി മുടക്കിയ തുക ഓരോ വർഷവും എത്ര വീതമെന്നും വെളിപ്പെടുത്താമോ;

(ബി)

| | | |
|---|---|---|
| 1)ടോയ്ലെറ്റ് നിർമ്മാണ ധന സഹായ പദ്ധതി | 2012 13 | 41,65,77,500/ |
| | 2013 14 | 78,71,00,000/ |
| | 2014 15 | 37,73,10,000/ |

| | | |
|---|---|---|
| 2)വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം: | 2013–14 | 28,95,000/- |
| | 2014–15 | 75,75,000/- |
| 3)29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ അനുവദിക്കുന്ന പദ്ധതി | 2012–13<br>2013–14<br>2014–15 | **201.898** ലക്ഷം<br>**189.08** ലക്ഷം<br>**206..48** ലക്ഷം |
| 4. സ്വയം സഹായ സംഘങ്ങൾക്കും വനിത സ്വയം സഹായ സംഘങ്ങൾക്കും പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം | 2014–15 | 192,00,087/- |
| 5. കോർപ്പസ് ഫണ്ട് വിഹിതം ജില്ലകൾക്ക് നേരിട്ട് അനുവദിക്കുന്ന പദ്ധതി | 2014–15 | അനുബന്ധം 2 ഉള്ളടക്കം ചെയ്യുന്നു.<br>20.35,18044- |
| 6. വിജ്ഞാൻവാടികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ആവർത്തന ചെലവ് | 2012–13<br>2013–14<br>2014–15 | 17,75,000/-<br>17,75,000/-<br>20,67,137/- |
| 7. ശ്മശാനങ്ങൾ നവീകരിക്കുക. | 2014–15 | 110,69,094/- |
| 8.സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ''എ'' ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം | 2013–14 | 38,70,000/- |
| | 2014–15 | 25,70,000/- |
| 9. വിഷൻ–2013 | 2011–12 | 31,24,500/ |
| | 2012–13 | 52,68,909/ |
| | 2013–14 | 64,40,300/ |
| | 2014–15 | 42,44,000/- |
| 10. സ്വയംപര്യാപ്ത ഗ്രാമം:-സ്വയം | 2012–13 | 113 കോളനികൾ |

| | | |
|---|---|---|
| പര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം അൻപതോ, അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനത്തിന് ഓരോ കോളനിക്കും പരമാവധി ഒരു കോടി രൂപ ക്രമത്തിൽ അനുവദിച്ചു നൽകുന്നു. | 2013-14 | 102 കോളനികൾ |
| 11. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് :- 1 മുതൽ 4 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപ നിരക്കിൽ നൽകുന്ന പദ്ധതി | 2014-15 | 29,46,28,000/- |
| 12. ലാപ്ടോപ് വിതരണം:- ബി-ടെക്, എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതി. | 2012-13 | 10.20 കോടി രൂപ |
| 13.സ്റ്റെതസ്കോപ്പ് വിതരണം(എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക്) | 2014-15 | 11,71,600/- |
| 14.ഡി.ബി.റ്റി.എസ്. വഴി 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥി - കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 100% സി.എസ്.എസ്. | 2012-13 | 19,84,19,000/- |
| | 2013-14 | 19,32,00,000/- |
| | 2014-15 | 26,74,17,077/- |
| 15.ഡി.ബി.റ്റി.എസ്. വഴി വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം | 2013-14 | 17,63,050/- |
| | 2014-15 | 26,25,150/- |

| | | | |
|---|---|---|---|
| | | | പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതികൾമൂലം എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | |

| | വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1.ടോയ്ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി | 2012–13 | 25000 |
| | 2013–14 | 25000 |
| | 2014–15 | 15014 |
| 2.വിദേശത്ത് തൊഴിൽ നേടുന്ന തിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി | 2013–14 | 68 |
| | 2014–15 | 201 |
| 3.)29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ അനുവദിക്കുന്ന പദ്ധതി | 2012–13 | 116343 |
| | 2013–14 | 200254 |
| | 2014–15 | ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ചു വരുന്നു. |
| 4)സ്വയം സഹായ സംഘങ്ങൾക്കും വനിത സ്വയം സഹായ സംഘങ്ങൾക്കും പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആര്ഭിക്കുന്നതിന് ധനസഹായം | 2014–15 | 49 സംഘങ്ങൾക്ക് |
| 5)കോർപ്പസ് ഫണ്ട് വിഹിതം ജില്ലകൾക്ക് അനുവദിച്ച് നൽകുന്ന പദ്ധതി | | അനുബന്ധം 2,3 ഉൾക്കൊള്ളിക്കുന്നു. |
| 6)വിജ്ഞാൻ വാടികൾ പ്രവർത്തിക്കുന്നതിനുള്ള ആവർത്തന ചെലവ് | | നിലവിൽ പ്രവർത്തിച്ചു വരുന്ന വിജ്ഞാൻ വാടികൾ കോളനികളിലെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | 7)ശ്മശാനങ്ങൾ നവീകരിക്കുക. | | നിലവിലുള്ള ശ്മശാനങ്ങൾ സ്ഥിതി ചെയ്യുന്ന പട്ടികജാതി കോളനികളിൽ താമസിക്കുന്ന മുഴുവൻ പട്ടികജാതിക്കാർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| | | | .8) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ "എ" ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതി | 2013–14 | 387 |
| | | | | 2014–15 | 257 |
| | | | 9)വിഷൻ–2013 | 2011–12 | 298 വിദ്യാർത്ഥികൾ |
| | | | | 2012–13 | 550 |
| | | | | 2013–14 | 601 |
| | | | | 2014–15 | 501 |
| | | | 10)സ്വയംപര്യാപ്ത ഗ്രാമം | 2012–13 | 113 കോളനികൾ |
| | | | | 2013–14 | 102 കോളനികൾ |
| | | | | | |
| | | | 11)പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് : 2014–15 വർഷം മുതൽ നടപ്പിലാക്കി വരുന്നു. | 2014–15 | 147314 വിദ്യാർത്ഥികൾക്ക് |
| | | | 12)ലാപ്ടോപ്പ് വിതരണം: | 2012–13 | 3750 |
| | | | 13).സ്റ്റെതസ്കോപ്പ് വിതരണം: | 2014–15 | 202 |
| | | | 14).DBTS വഴി 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് | 2012–13<br>2013–14<br>2014–15 | 91992<br>94534<br>48772 |
| | | | .15)DBTS വഴി വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം | 2013–14<br>2014–15 | 953<br>1419 |
| | | | പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു | | |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി-പിന്നോക്ക സമുദായങ്ങൾക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | വാത്സല്യനിധി:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ജീവൻ സുരക്ഷ മുൻനിർത്തി നവജാത പെൺകുട്ടികളുടെ പേരിൽ 50,000/- രൂപ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പിന്നോക്ക സമുദായ വകുപ്പ് 2015-16 മുതൽ ബാർബർ ഷോപ്പ് നവീകരണം എന്ന പദ്ധതിയ്ക്ക് 255 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. OBC പോസ്റ്റ് മെട്രിക് ആനുകൂല്യം കൂടുതൽ കോഴ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

Rajani K J

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്